രജിസ്റ്റർ നമ്പർ : ..........................................

പേര് : ..........................................................

മാർച്ച് 2019

SY 101

# പാർട്ട് III – ഐച്ഛികം

# കഥകളി വേഷം (വടക്കൻ)

## സിദ്ധാന്തം

**പരമാവധി സ്കോർസ് : 50** **സമയം : 2 മണിക്കൂർ**

I. ഉത്തരം എഴുതുക. **(5 × 1 = 5)**

(1) സദരമയി പദം ആർ ആരോട് പറയുന്നു ?

(2) ബകന്റെ വാസസ്ഥലം ഏത്?

(3) പാഷാണ പ്രകരാന്തം എന്ന ശ്ലോകം ആടുന്ന സന്ദർഭം ഏത്?

(4) ഭീമനും ഹനൂമാനും തമ്മിൽ ബന്ധമെന്ത്?

(5) കല്യാണസൗഗന്ധികം പാഞ്ചാലരാജതനയേ എന്ന പദത്തിന്റെ അക്ഷരകാലം എത്ര ?

II. വിട്ടവരി പൂരിപ്പിക്കുക. **(5 × 1 = 5)**

(1) ദേവരാജന്റെ സാരഥിയുടെ __________ ആണ്.

(2) ഗാണ്ഡീവം ധരിച്ച വ്യക്തി __________ ആണ്.

(3) രാവണന് __________ ശിരസ്സുകൾ ഉണ്ട്.

(4) കേകി നിന്നും __________ താളവുമാണ്.

(5) സൂര്യൻ കഥാപാത്രമായി വരുന്നത് __________ കഥയിലാണ്.

III. ചേരുംപടി ചേർക്കുക : **(10 × 1 = 10)**

| എ | | ബി |
|---|---|---|
| (1) കലാമണ്ഡലം പത്മനാഭൻ നായർ | – | ബകവധം |
| (2) ഹിഡിംബി | – | കാലകേയവധം |
| (3) നന്ദികേശ്വരൻ | – | രുഗ്മിണീ സ്വയംവരം |
| (4) ഇടക്കലാശം | – | കാലകേയവധം |
| (5) അകമ്പൻ | – | നരകാസുരവധം |
| (6) ഇന്ദ്രാണി | – | ബാലിവധം |
| (7) ശബ്ദ വർണ്ണന | – | ചൊല്ലിയാട്ട ഗ്രന്ഥം |
| (8) ബാലേകേൾനീ എന്ന പദം | – | ഉത്തരാസ്വയംവരം |
| (9) സ്വർഗ്ഗവർണ്ണന ആടുന്ന വേഷം | – | കിർമ്മീരവധം |
| (10) ഭാനുമതി | – | കാലകേയവധം |

IV. സ്വർഗ്ഗവർണ്ണന ആട്ടക്രമം വിവരിക്കുക. **(10)**

V. ഉചിതമായത് എടുത്തെഴുതുക. **(10 × 1 = 10)**

(1) പാഷാണപ്രകരാന്ത എന്ന ശ്ലോകം ആടുന്നത് ആര് ?

(ബകൻ, കാലകേയൻ, ഭീമൻ)

(2) ചെമ്പട താളവട്ടത്തിൽ പതിഞ്ഞ പദം നോക്കിക്കാണുന്നത് എത്ര താളവട്ടം ?

(2 താളവട്ടം, 4 താളവട്ടം, 6 താളവട്ടം)

(3) നളചരിതം ആട്ടക്കഥയുടെ കർത്താവ്

(ഇരയിമ്മൻ തമ്പി, കോട്ടയത്ത് തമ്പുരാൻ, ഉണ്ണായി വാര്യർ)

(4) അജ്ഞാതവാസ കാലത്ത് ധർമ്മപുത്രരുടെ പേര് ?

(വലലൻ, ബ്രഹന്ദള, കങ്കൻ)

(5) രാവണന്റെ വാളിന്റെ പേര് ?

(ദേവദത്തം, ചന്ദ്രഹാസം, ഖാണ്ഡിവം)

(6) കടകത്തിൽ കാണിക്കുന്ന മുദ്രയേത് ?

(രാജാവ്, ആന, രഥം)

(7) വെള്ളിനഴി നാണു നായർ ഏത് വിഭാഗം വേഷക്കാരൻ ആയിരുന്നു ?

(കത്തി, താടി, പച്ച)

(8) കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല സ്ഥിതി ചെയ്യുന്നത് ഏത് ജില്ല.

(പാലക്കാട്, എറണാകുളം, തൃശ്ശൂർ)

(9) കലാമണ്ഡലം സ്ഥാപകൻ ആര് ?

(ചങ്ങമ്പുഴ, ഉള്ളൂർ, വള്ളത്തോൾ നാരായണ മേനോൻ)

(10) കലാമണ്ഡലം ആദ്യ വൈസ്ചാൻസലർ ആരായിരുന്നു ?

(J. പ്രസാദ്, P.N. സുരേഷ്, K.G. പൗലോസ്)

VI. വാക്കുകളുടെ അർത്ഥം എഴുതുക. **(10 × 1 = 10)**

(1) പുണ്ഡരീകം

(2) ചാരുശോഭ

(3) മാരസദൃശൻ

(4) വല്ലഭ

(5) പാർവ്വതീശൻ

(6) നെഞ്ചകം

(7) താപസൻ

(8) തനയ

(9) മഞ്ജൂളം

(10) കേകി

---

രജിസ്റ്റർ നമ്പർ : ............................................

പേര് : ..............................................................

മാർച്ച് 2019

**SY 102**

## പാർട്ട് III – ഐച്ഛികം

# കഥകളി വേഷം (തെക്കൻ)

## സിദ്ധാന്തം

**പരമാവധി സ്കോർസ് : 50** **സമയം : 2 മണിക്കൂർ**

---

I. ശരിയായ ഉത്തരം ബ്രാക്കറ്റിൽ നിന്ന് തെരഞ്ഞെടുത്ത് എഴുതുക. **(10 × 1 = 10)**

(1) കഥകളിയുടെ പോഷണത്തിന് പ്രഥമസ്ഥാനം കല്പിക്കുന്ന രംഗകല ?

(കൃഷ്ണനാട്ടം, കൂടിയാട്ടം, മോഹിനിയാട്ടം)

(2) കേരളത്തിൽ നടപ്പിലിരുന്ന 'ശാസ്ത്രക്കളി' ആരുടെ വിനോദ കല ?

(ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ)

(3) "മാതംഗാനനം അബ്ജവാസ രമണീം" എന്ന് തുടങ്ങുന്ന വന്ദനശ്ലോകത്തിൽ പരാമർശിക്കപ്പെടുന്ന കോട്ടയം തമ്പുരാന്റെ ഗുരു ആര് ?

(പാണിനി, ഗോവിന്ദൻ, വ്യാസൻ)

(4) നാട്യകല, മുഖ്യമായി സ്വീകരിച്ചിരിക്കുന്ന അഭിനയം ?

(വാചികാഭിനയം, സാത്വികാഭിനയം, ആംഗികാഭിനയം)

(5) ചെമ്പട പതിവിരട്ടി – നൃത്തത്തിന് വേണ്ട താളവട്ടം ?

(എട്ട്, നാല്, പതിനാറ്)

(6) മഹാകവി വള്ളത്തോൾ 'കേരളീയ നാട്യശാസ്ത്രം' എന്ന് വിശേഷിപ്പിച്ച കൃതി ?

(കഥകളി പ്രവേശിക, കഥകളി സ്വരൂപം, കഥകളി പ്രകാശിക)

(7) നാട്യം ആസ്വാദ്യമാകണമെങ്കിൽ അഭിനയവിധേയമായ വസ്തുവിന് അവശ്യം വേണ്ട ഗുണം ?

(രസഗുണം, കാവ്യഗുണം, ഭാവഗുണം)

(8) പ്രായോഗിക കല – ഒരു ഉദാഹരണം ?

(പാചകം, വേലകളി, കോൽക്കളി)

(9) ആംഗികാഭിനയത്തിൽ 'ഇന്ദ്രൻ' എന്ന് ക്രോധ സ്ഥായിഭാവത്തിൽ പ്രകടിപ്പിക്കുന്ന ഒരു കഥാപാത്രം ?

(ശ്രീരാമൻ, രാവണൻ, വസിഷ്ഠൻ)

(10) ആരുടെ ആട്ടക്കഥയുടെ സൃഷ്ടിയോടുകൂടിയാണ് രാമനാട്ടം കഥകളിയായി മാറിയത്?

(കാർത്തികതിരുനാൾ, ഉണ്ണായി വാര്യർ, കോട്ടയത്ത് തമ്പുരാൻ)

II. "നലമൊടു പോകനാം
കുണ്ഡിന നഗരേ"

– പദാനന്തരം നടത്തുന്ന ഇളകിയാട്ടം ക്രമത്തിൽ വിവരിക്കുക. **(4)**

III. കപിത്ഥ മുദ്രയുടെ മൂലശ്ലോകം, സാരം എന്നിവ കുറിക്കുക. **(4)**

IV. സൂചികാമുഖ മുദ്രയിൽ പ്രകടിപ്പിക്കുന്ന സംയുതമോ അസംയുതമോ ആയ എട്ട് വാക്കുകൾ എഴുതുക. **(4)**

V. "പറ്റലരിലൊരു കുറ്റമില്ല – അതി
നുറ്റവരിൽ നാണം ചെറ്റുമില്ല – എങ്കി
ലറ്റമില്ലാതൊരു കുറ്റമെങ്കൽ തന്നെ
മുറ്റുമഹോ ബത ! പറ്റുമോർത്താൽ"

– സന്ദർഭം കുറിച്ച് ആശയം വ്യക്തമാക്കുക. **(5)**

VI. കുചേല വൃത്തം ആട്ടക്കഥയിൽ നിന്നും നമുക്ക് കിട്ടുന്ന സന്ദേശം വ്യക്തമാക്കുക. **(5)**

VII. ചെമ്പ പതിനാറ് മാത്രയിൽ പാടുന്ന പത്ത് വരി പദം എഴുതുക. **(5)**

VIII. നായികാ വർണ്ണനാ ശ്ലോകമെഴുതി സാരം കുറിക്കുക. **(5)**

IX. ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം എഴുതുക. **(8)**

(1) ആട്ടച്ചിട്ടകൾ സംയോജിപ്പിച്ച് കിർമ്മീരവധം കഥ വിവരിക്കുക.

(2) "വള്ളത്തോളിന്റെ കഥകളി പ്രേമം" – ചർച്ച ചെയ്യുക.

---

രജിസ്റ്റർ നമ്പർ : ..........................................

പേര് : ..........................................................

മാർച്ച് 2019

**SY 103**

## പാർട്ട് III – ഐച്ഛികം

# കഥകളി സംഗീതം

## സിദ്ധാന്തം

**പരമാവധി സ്കോർസ് : 50** | **സമയം : 2 മണിക്കൂർ**

---

**1 – 2 : പൂരിപ്പിക്കുക.**

1. ശസ്ത്രാർത്ഥം ശക്രസൂനൗ ഗതവതി.............................
.................................... വാചമിത്യാചചക്ഷേ. **(1)**

2. നിവേദിതാ ദേവ വരായ സാദരം ...................................
.................................... ജഗാദ വാചം ദയിതാം രതോത്സുക: || **(1)**

3. ബാലിവധം കഥയുടെ പൂർവ്വഭാഗം വിവരിക്കുക. **(7)**

4. കർണ്ണശപഥം കഥയുടെ കർത്താവാര് ? **(1)**

5. ''ശൗര്യഗുണ നീതി ജലധേ'' പദം പൂർണ്ണമായി എഴുതുക. ശ്ലോകം ഉൾപ്പെടെ. **(12)**

6. ബകവധം കഥയിൽ ലളിതയുടെ സാരി പദം എഴുതുക. **(5)**

7. കാലകേയവധം കഥയിൽ ഉർവ്വശിയുടെ അവതരണശ്ലോകങ്ങൾ എഴുതുക. **(7)**

8. കാലകേയവധം കഥയിൽ അഷ്ടകലാശം – വരുന്ന പദം എഴുതുക. **(10)**

9. പാടി, സാരംഗം, എന്നീ രാഗങ്ങളിൽ പാടുന്ന ഓരോ ശ്ലോകങ്ങൾ എഴുതുക. **(6)**

---

രജിസ്റ്റർ നമ്പർ : ..........................................

പേര് : ..........................................................

മാർച്ച് 2019

SY 104

# പാർട്ട് III – ഐച്ഛികം

# കഥകളി ചെണ്ട

## സിദ്ധാന്തം

പരമാവധി സ്കോർസ് : 50 സമയം : 2 മണിക്കൂർ

---

1. കഥകളിയിൽ ചൂതുകളി ഉള്ള ആട്ടക്കഥകൾ ഏവ ? സന്ദർഭവും കഥാപാത്രങ്ങളും വിസ്തരിക്കുക. **(15)**

2. "ശൗര്യഗുണനീതി ജലധേ" – എന്ന പദം ഏതു കഥയിൽ ? ആർ ആരോടു പറയുന്നു ? ആ പദത്തിന്റെ പ്രത്യേകത എന്ത് ? **(10)**

3. പ്രസിദ്ധമായ ഒരു ആട്ടക്കഥയിൽ ഒരേ വേഷങ്ങൾ രണ്ടു വിധത്തിലാണ് കെട്ടിവരുന്നത്. തെക്കൻ ശൈലിയിൽ കത്തി വേഷമാണെങ്കിൽ, വടക്കൻ ശൈലിയിൽ താടി വേഷം. കഥ ഏത്? കഥാപാത്രങ്ങൾ ഏവ ? **(10)**

4. കഥകളിയിൽ മൂന്നു ചുവന്ന താടി വേഷങ്ങൾ ഒരുമിച്ച് അരങ്ങിൽ വരുന്ന ആട്ടക്കഥയേത്? കഥ രചിച്ചതാര്? കഥാപാത്രങ്ങൾ ഏവ ? സന്ദർഭം വിവരിക്കുക. **(10)**

5. ഒറ്റവാക്കിൽ ഉത്തരമെഴുതുക. **(5)**
   (a) ദുഃശ്ശളയുടെ ഭർത്താവിന്റെ പേര്?
   (b) കഥകളിയിൽ ഏതു വേഷങ്ങൾക്കാണ് രജോഗുണമുള്ളത് ?
   (c) മൂത്തമന നമ്പൂതിരി കഥകളിയിൽ ഏതു വിഭാഗത്തിൽ ആചാര്യനായിരുന്നു ?
   (d) വടക്കൻ ശൈലിയിൽ കേകിയാട്ടം എത്ര താളവട്ടമാണ് ?
   (e) കുചേലവൃത്തം ആട്ടക്കഥ കർത്താവാര് ?

---

രജിസ്റ്റർ നമ്പർ : ..........................................

പേര് : ...........................................................

മാർച്ച് 2019

SY 105

## പാർട്ട് III – ഐച്ഛികം

# കഥകളി – മദ്ദളം

## സിദ്ധാന്തം

**പരമാവധി സ്കോർസ് : 50** **സമയം : 2 മണിക്കൂർ**

---

I. ഉത്തരം എഴുതുക. (**2 സ്കോർ വീതം**) **(5 × 2 = 10)**

(1) കീചകവധം എന്ന കഥയുടെ രചയിതാവ് ആര് ?

(2) "കല്യാണാംഗി" എന്നു തുടങ്ങുന്ന സാരി ഏതു കഥയിൽ ?

(3) "കോമളസരോജമുഖി മാമകഗിരം കേൾക്ക" എന്ന പദം ആര് ആരോട് പറയുന്നതാണ് ?

(4) "ജയബാല ഗോപാല" എന്ന പദം ഏതു താളത്തിൽ ?

(5) കുട്ടിത്രയം എന്ന് അറിയപ്പെട്ടിരുന്നത് ആരൊക്കെ ?

II. (1) ത്രിപുടകലാശം വായ്ത്താരി എഴുതുക. **(5 × 4 = 20)**

(2) പഞ്ചവാദ്യം 3-ാംകാലം മുഖം വായ്ത്താരി എഴുതുക.

(3) മദ്ദളത്തിന്റെ ഭാഗങ്ങൾക്ക് പറയുന്ന പേരുകൾ. (5 എണ്ണം)

(4) കഥകളി പഠിപ്പിക്കുന്ന ഏതെങ്കിലും 4 സ്ഥാപനങ്ങളുടെ പേരും സ്ഥിതി ചെയ്യുന്ന സ്ഥലവും എഴുതുക.

(5) സാരിയുടെ അവസാന ചരണത്തിന്റെ കലാശം എഴുതുക.

III. വിശദമാക്കുക. (**5 സ്കോർ വീതം**) **(4 × 5 = 20)**

(1) സീതാസ്വയംവരം കഥയിലെ കഥാപാത്രങ്ങൾ ആരെല്ലാം ?

(2) സന്താനഗോപാലത്തിലെ ബ്രാഹ്മണ പത്നിയുടെ "ജീവിതനായക..." എന്നു തുടങ്ങുന്ന പദം എഴുതുക.

(3) "കന്നൽക്കണ്ണികൾ മൗലിരത്ന..." എന്നു തുടങ്ങുന്ന ശ്ലോകം എഴുതുക. ഏത് കഥയിൽ ?

(4) "ഹരിണാക്ഷി ജന..." എന്നു തുടങ്ങുന്ന പദം

(a) ഏതു കഥയിൽ ?

(b) ഏതു താളം ?

(c) ഏതു രാഗം ?

(d) ആർ ആരോട് ?

---

രജിസ്റ്റർ നമ്പർ : ..........................................

പേര് : ..........................................................

**മാർച്ച് 2019**

**SY 106**

## പാർട്ട് III – ഐച്ഛികം

# കഥകളി – ചുട്ടി

## സിദ്ധാന്തം

**പരമാവധി സ്കോർസ് : 50** **സമയം : 2 മണിക്കൂർ**

1. പുരുഷവേഷക്കുരലാരത്തിന്റെ നീളവും, വീതിയും എഴുതുക. **(4)**

2. വെള്ളത്താടിമുടിയുടെ നെറ്റി ഭാരം, ഒന്നാം കലശം എന്നിവയുടെ വ്യാസം എഴുതുക. **(4)**

3. നന്ദികേശ്വരന്റെ വേഷത്തിനുള്ള കോപ്പുകൾ കെട്ടുന്ന ക്രമത്തിൽ എഴുതുക. **(7)**

4. ശുദ്ധവേഷങ്ങൾ എന്ന വിഭാഗത്തിന് നിർദ്ദേശിച്ചിട്ടുള്ള വസ്ത്രങ്ങളുടെ നിറം എന്തായിരിക്കണം ? **(4)**

5. നാട്യോപകരണങ്ങളുടെ നിർമ്മാണത്തിൽ ശ്രദ്ധിക്കേണ്ട സംഗതികൾ എന്തെല്ലാം ? **(6)**

6. അംഗരചന എന്നാലെന്ത് ? **(4)**

7. കൃഷ്ണമുടിയുടെ ഉയരം, നെറ്റിഭാരത്തിന്റെ വ്യാസം എന്നിവ എഴുതുക. **(4)**

8. ഹംസം ഏത് വിഭാഗത്തിൽപ്പെടുന്ന വേഷമാണ് ? **(5)**

9. കഥകളിയിൽ ഭൃത്യവേഷങ്ങൾക്ക് രണ്ട് ഉദാഹരണങ്ങൾ എഴുതുക. **(5)**

10. ഒരു കത്തി വേഷത്തിന് വേണ്ട കോപ്പുകൾ കെട്ടുന്ന ക്രമത്തിൽ എഴുതുക. **(7)**

രജിസ്റ്റർ നമ്പർ : ..........................................

പേര് : ...........................................................

മാർച്ച് 2019

SY 107

പാർട്ട് III – ഐച്ഛികം

# കൂടിയാട്ടം (പുരുഷവേഷം)

## സിദ്ധാന്തം

പരമാവധി സ്കോർസ് : 50 സമയം : 2 മണിക്കൂർ

---

I. ഉത്തരമെഴുതുക. **(10 × 1 = 10)**

(1) ബാലി സുഗ്രീവന്മാരിൽ ആർക്കാണ് ദേവേന്ദ്രൻ കഴുത്തിലണിയാൻ മാല നല്കിയത് ?

(2) തോരണയുദ്ധം കൂടിയാട്ടത്തിൽ ഉൽഘട്ടനം അഭിനയിക്കുന്ന കഥാപാത്രം ?

(3) രംഗം അഥവാ മണ്ഡപം എത്ര വിധം ?

(4) 'അനുജസ്ത്വേഷു മേഭ്രാതാ...' ആര് ആരോട് പറയുന്നതാണ് ?

(5) രാക്ഷസ കഥാപാത്രങ്ങളുടെ ശൃംഗാരത്തിന് ഉപയോഗിക്കുന്ന സ്വരം ?

(6) ഭഗവദഞ്ജുകം എന്ന നാടകം ഏത് വിഭാഗത്തിൽപ്പെട്ടതാണ് ?

(7) ശക്തിഭദ്ര മഹാകവിയുടെ കാലഘട്ടം ഏത് ?

(8) കൂടിയാട്ടത്തിൽ അത്ഭുതത്തിലും ചിലപ്പോൾ ഭയാനക രസത്തിലും ഉപയോഗിക്കുന്ന സ്വരം ?

(9) മണ്ഡോദരിയുടെ അച്ഛന്റെ പേര് ?

(10) 'അവസ്ഥാ ശപഥശ്ചൈവ.......' ആരുടെ അവസ്ഥ ?

II. 'വത്സായതാഭിഹത' എന്ന ശ്ലോകത്തിന്റെ ആട്ടപ്രകാരം എഴുതുക. **(9)**

III. ബാലിവധം കൂടിയാട്ടത്തിലെ സുഗ്രീവന്റെ പ്രശ്നം അഭിനയിക്കുന്ന പ്രകാരം എഴുതുക. **(6)**

IV. പടപുറപ്പാട് – അവതരണക്രമം എഴുതുക. **(10)**

V. താഴെ കൊടുത്തിരിക്കുന്ന ശ്ലോകങ്ങൾ പൂരിപ്പിക്കുക : **(3 × 2 = 6)**

(1) താരേ വിമുഞ്ച..........

(2) ജിത്വാ ത്രൈലോക്യ ..........

(3) ഖഡ്ഗം നിധേഹി ..........

VI. രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(9)**

കൂടിയാട്ടവും, സംസ്കൃത നാടക പാരമ്പര്യവും

രജിസ്റ്റർ നമ്പർ : ..........................................

പേര് : ..........................................................

മാർച്ച് 2019

**SY 108**

## പാർട്ട് III – ഐച്ഛികം

# കൂടിയാട്ടം (സ്ത്രീവേഷം)

## സിദ്ധാന്തം

**പരമാവധി സ്കോർസ് : 50** | **സമയം : 2 മണിക്കൂർ**

---

I. ഉത്തരമെഴുതുക. **(5 × 1 = 5)**

(1) ബാലിവധം ഏത് വിഭാഗത്തിൽപ്പെടുന്ന സംസ്കൃത നാടകമാണ് ?

(2) 'പുറനീര് ' ഏത് സന്ദർഭങ്ങളിലാണ് ഉപയോഗിക്കുന്നത് ?

(3) ധനദേന പരിത്യക്താം എന്ന ശ്ലോകം ഏത് നിർവ്വഹണത്തിലാണ് ?

(4) മൂളുക, പാടുക എന്നാലെന്ത് ?

(5) 'ദേവാ നമേസമ്മതാ' ആരുടെ വിചാരം ?

II. താഴെ കൊടുത്തിരിക്കുന്ന ശ്ലോകങ്ങൾ പൂരിപ്പിക്കുക : **(3 × 2 = 6)**

(1) മയസ്യ ...............

(2) സേവിത രാമ ...............

(3) തത്ര ചിത്ര ഗതാം...............

III. രണ്ടു പുറത്തിൽ ഉത്തരമെഴുതുക : **(10)**

കരുത്തുറ്റ സ്ത്രീ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതിന് സമ്പൂർണ്ണ രംഗാവതരണങ്ങളുടെ സ്വാധീനം നങ്ങ്യാർകൂത്തിനെ അടിസ്ഥാനപ്പെടുത്തി വിവരിക്കുക.

IV. 'തവ ഭർത്തുർദ്ദശനപഥേ സർവ്വം മണ്ഡനം-
ഭവിഷ്യതീ തി.' – ആശയം വ്യക്തമാക്കുക. **(7)**

V. അക്കിത്തകളുടെ പ്രാധാന്യം വിശദമാക്കുക. **(8)**

VI. കൂടിയാട്ടത്തിലെ രാഗ സ്വഭാവം പരിശോധിക്കുക. **(10)**

VII. സാത്വികഭാവങ്ങൾ വിവരിക്കുക. **(4)**

---

രജിസ്റ്റർ നമ്പർ : ..........................................

പേര് : ...........................................................

മാർച്ച് 2019

SY 109

പാർട്ട് III – ഐച്ഛികം

# മിഴാവ്

## സിദ്ധാന്തം

പരമാവധി സ്കോർസ് : 50 | സമയം : 2 മണിക്കൂർ

---

I. (1) നങ്ങ്യാരമ്മക്കൂത്തിന്റെ അവതരണ സമ്പ്രദായം ചുരുക്കി എഴുതുക.

(2) ക്ഷേത്രങ്ങളിൽ കൂത്ത് അനുഷ്ഠാനമായി അവതരിപ്പിക്കുന്ന സ്ഥലം ഏതാണെന്ന് വിശദീകരിക്കുക. **(2 × 3 = 6)**

II. അംഗുലീയാങ്കം പുറപ്പാടിന്റെ ക്രമം എഴുതുക. **(5)**

III. നാല് ക്രിയകളുടെ വായ്ത്താരി എഴുതുക. **(4 × 2½ = 10)**

(1) ഹനൂമാന്റെ വട്ടത്തിൽ ചുഴറ്റുക.

(2) മെയ്യ്

(3) സകലസുരാസുരത്തിന്റെ മെയ്യ്

(4) കോണോട്ടം ക്രിയ

(5) കളകള വാദ്യം

IV. രണ്ട് അരങ്ങുതളി ശ്ലോകങ്ങൾ എഴുതുക. **(2 × 4 = 8)**

(1) മത്തവിലാസം

(2) അംഗുലീയാങ്കം

(3) മന്ത്രാങ്കം

V. ത്രിപുട താളം കൊട്ടുന്ന ഒരു സന്ദർഭം എഴുതി മാത്രയടക്കം വിശദീകരിക്കുക. **(5)**

VI. നങ്ങ്യാർകൂത്ത് പുറപ്പാടിന്റെ രംഗസജ്ജീകരണം വിശദീകരിക്കുക. **(6)**

VII. മിഴാവിന്റെ ഉല്പത്തിയെക്കുറിച്ചുള്ള ഐതീഹ്യം വിശദീകരിച്ച് രണ്ടു പുറത്തിൽ കുറയാതെ എഴുതുക. **(10)**

---

രജിസ്റ്റർ നമ്പർ : ..........................................

പേര് : ..........................................................

മാർച്ച് 2019

SY 110

## പാർട്ട് III – ഐച്ഛികം

# തുള്ളൽ

## സിദ്ധാന്തം

**പരമാവധി സ്കോർസ് : 50** **സമയം : 2 മണിക്കൂർ**

---

1. 1 മുതൽ 10 വരെ പൂരിപ്പിക്കുക. **(10 × 1 = 10)**

(1) എ.ഡി. _____________ പ്രസ്ഥാനത്തിന്റെ ആവിർഭാവം.

(2) കേരളത്തിൽ 3 ശൈലികൾ തുള്ളലിനുണ്ട്.

1. _____________ 2. _____________ 3. _____________ എന്നിവയാണ്.

(3) "കണ്ണും തിരിയ _____________ കണ്ടുകൊൾ.

(4) _____________ ശക്തി ഇല്ലാതെയായ് മെയ്യും തളരുന്നു പൊയ്യല്ല.

(5) ശീതങ്കൻ തുള്ളലിൽ പ്രധാനമായും ____________ 3 താളങ്ങളാണ് ഉള്ളത്.

(6) വരവാണി _____________ വിലസുകയും.

(7) അരുണനുടെ _____________ കേട്ടുടൻ.

(8) അമ്പാടി തന്നിൽ _____________ കൊലചെയ്‌വതിന്നിഹ.

(9) തമ്പുരാനെ _____________ തുണക്കേണം.

(10) പൂതന _____________ മേടിച്ചവൾ.

2. താഴെ കൊടുത്തിരിക്കുന്ന വരികൾ ഏതു തുള്ളൽക്കഥയിലേതെന്ന് എഴുതുക. **(5 × 1 = 5)**

(1) "കാച്ചിയപാലും പഴവും ഗുളങ്ങളും പച്ചോറുമെല്ലാവർക്കുകൊടുക്കയും"

(2) "കറുത്തതാടിയും മെയ്യിൽ നിറച്ചുരോമവുമങ്ങു കറുപ്പുമുണ്ടുടുത്തും
കൊണ്ടൊരുത്തൻ വേട്ടയാടുമ്പോൾ"

(3) "കൈതവരഹിതന്മാരവർ സുഖമൊടു ദ്വൈതവനത്തിലിരിക്കുംകാലം."

(4) അങ്ങാടീത്തോറ്റെന്നാലങ്ങതിനമ്മയൊടെന്ന പഴഞ്ചൊല്ലൊത്തു"

(5) "വേട്ടക്കു നല്ല മിടുക്കുള്ള നമ്മുടെ ചേട്ടന്റെ വക്കാണമിക്കാലമൂർദ്ധ്വമായ്"

3. ദശാവതാരങ്ങളുടെ പേര് എഴുതുക. **(5)**

4. വിട്ടവരികൾ പൂരിപ്പിക്കുക. **(5)**

"ഗന്ധമാദനമഹാ ……………………

…………………………………………..

…………………………………………..

…………………………………………..

…………………………………………..

…………………………………………..

…………………………………………..

…………………………………………..

…………………………………………..

…………………………… പ്രിയനാം ഹനുമാനെ.

5. വിജയൻ വഹ്നിയിൽ വീഴും മുമ്പേ എന്നു തുടങ്ങി രുഗ്മിണി വരനെ കാൺമാറായി വരെയുള്ള വരികൾ എഴുതുക. **(5)**

6. കുഞ്ചൻ നമ്പ്യാർ രചിച്ച 10 ഓട്ടൻതുള്ളൽ കഥകളുടെ പേര് എഴുതുക. **(5)**

7. പൂതന നല്ലൊരു എന്നു തുടങ്ങി ____________ വലിച്ചു തുടങ്ങിനാൻ വരെ എഴുതുക. **(5)**

8. കലക്കത്തുഭവനത്തെക്കുറിച്ച് 10 വരിയിൽ കവിയാതെ എഴുതുക. **(5)**

9. ശ്രീ മധുസൂദനഭക്തശിരോമണി എന്നു തുടങ്ങി നാമജപങ്ങൾ മുടങ്ങീടാതെ വരെ എഴുതുക. **(5)**

---

രജിസ്റ്റർ നമ്പർ : ..........................................

പേര് : ...........................................................

മാർച്ച് 2019

SY 111

## പാർട്ട് III – ഐച്ഛികം

## മൃദംഗം

## സിദ്ധാന്തം

**പരമാവധി സ്കോർസ് : 50** **സമയം : 2 മണിക്കൂർ**

---

1. നോട്ട് കുറിക്കുക : (a) കള (b) ലയം **4**

2. ഖണ്ഡചാപ്പ് താളത്തിന്റെ പ്രയോഗവിധി വിവരിക്കുക. **5**

3. ഗ്രഹം എന്നാലെന്ത് ? എത്ര വിധം ? വിശദീകരിക്കുക. **5**

4. ഒരു സംഗീതക്കച്ചേരിയിലെ മൃദംഗത്തിന്റെ പ്രാധാന്യം വിവരിക്കുക. **5**

5. കുറിപ്പെഴുതുക : **6**
   (a) ജാതി
   (b) ഗതി
   (c) ജതി

6. യതി എന്നാലെന്ത് ? ഉദാഹരണ സഹിതം വ്യക്തമാക്കുക. **5**

7. മൃദംഗത്തിന്റെ ഘടന വിവരിക്കുക. **5**

8. അംഗസംജ്ഞ, മാത്ര, അക്ഷരകാലം എന്നിവ സഹിതം പഞ്ചതാളപ്പട്ടിക തയ്യാറാക്കുക. **5**

9. ചാപ്പ് താളങ്ങൾ – നോട്ട് കുറിക്കുക. **5**

10. നൃത്തങ്ങൾക്ക് മൃദംഗം വായിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിശദീകരിക്കുക. **5**

---

രജിസ്റ്റർ നമ്പർ : ..........................................

പേര് : ..........................................................

മാർച്ച് 2019

SY 112

പാർട്ട് III – ഐച്ഛികം

# തിമില

## സിദ്ധാന്തം

പരമാവധി സ്കോർസ് : 50 സമയം : 2 മണിക്കൂർ

I. ഉത്തരമെഴുതുക (5 എണ്ണം) : **10**

(1) കേരള കലാമണ്ഡലം ആദ്യം തുടങ്ങിയത് ഏതു സ്ഥലത്താണ് ?

(2) ഇടയ്ക്ക വട്ടം മാടുന്നതിന് ഏതു തോലാണ് (തുകൽ) ഉപയോഗിക്കുന്നത് ?

(3) തിമില കൊട്ടുമ്പോൾ വിരലിൽ അണിയുന്ന ഉറയുടെ പേരെന്ത് ?

(4) തിമിലയിലെ നാലാമത്തെ പാഠക്കൈ എഴുതുക.

(5) പഞ്ചവാദ്യത്തിൽ മൂന്ന് പ്രാവശ്യം മാത്രം കൊട്ടുന്ന കാലം ഏത് ?

(6) പഞ്ചവാദ്യത്തിൽ ഉൾപ്പെടാത്ത ഒരു വാദ്യോപകരണത്തിന്റെ പേരെഴുതുക.

II. ഒറ്റ വാക്യത്തിൽ ഉത്തരമെഴുതുക. **10**

(1) കൃഷ്ണനാട്ടത്തിന് ഉപയോഗിക്കുന്ന രണ്ട് വാദ്യോപകരണങ്ങളുടെ പേരെഴുതുക.

(2) തൃശ്ശൂർപൂരത്തിന് മഠത്തിൽ വരവ് പഞ്ചവാദ്യത്തിന് ആദ്യമായി മദ്ദളം അരയിൽ ഇട്ടുകൊട്ടിയ മദ്ദള ആചാര്യന്റെ പേരെഴുതുക.

(3) 2016-17 ലെ പല്ലാവൂർ പുരസ്കാരം നേടിയ തിമില പ്രമാണിയുടെ പേരെഴുതുക.

(4) കേരള കലാമണ്ഡലത്തിൽ തിമിലയുടെ കോഴ്സ് എത്ര വർഷമാണ് ?

(5) ഒരു ചെമ്പടവട്ടത്തിൽ 32 അക്ഷരം വരുന്ന കാലം ഏത് ?

III. സന്ദർഭങ്ങൾ എഴുതുക. **10**

(1) പഞ്ചവാദ്യം അവതരിപ്പിക്കുമ്പോൾ ഇരകിട കൊട്ടുന്ന സന്ദർഭങ്ങൾ എഴുതുക.

(2) ചെണ്ടയുടെ "ഗണപതി"ക്കൈയിനോട് ഏകദേശ സാമ്യമുള്ള പഞ്ചവാദ്യം ഏതു കാലത്തിന്റെ കൂട്ടികൊട്ടിന്റെ തുടക്കമാണ് ?

(3) ഒരു ജോഡി തിമില വട്ടത്തിന്റെ തുളകൾക്കും (ദ്വാരം) ഒരു ചെണ്ട വട്ടത്തിന്റെ ചരട് കോർക്കുന്നതിനുള്ള ദ്വാരങ്ങളുടെ എണ്ണവും തുല്യമാണ്. എന്നാൽ ഈ കണക്കിലെ ദ്വാരങ്ങളുടെ എണ്ണസംഖ്യ എത്ര ?

(4) പഞ്ചവാദ്യത്തിൽ കൊമ്പ് കലാകാരന്മാർക്ക് ഒറ്റയ്ക്കും, കൂട്ടായും നടകൾ മാറി മാറി ഊതുന്നതിനുള്ള സന്ദർഭം ഏതു കാലത്തിലാണ് ?

(5) തിമില ഇടച്ചിലിന് നടപ്പു സമ്പ്രദായ പ്രകാരം താളം പിടിക്കുന്നത് എങ്ങനെ എന്ന് എഴുതുക.

IV. ഖണ്ഡികയിൽ എഴുതുക. **10**

(1) ശംഖ് ഊതുന്ന സന്ദർഭങ്ങൾ ഏതൊക്കെയാണ് ? വ്യക്തമാക്കുക.

(2) 224 – അക്ഷരകാല താളവട്ടത്തിന്റെ 3-ാമത്തെ ചെമ്പട വട്ടം എഴുതുക.

V. ചെമ്പട വട്ടവും, ഖണ്ഡങ്ങളും ഉൾപ്പെടുത്തി 448 അക്ഷരകാലം മുതൽ 56 അക്ഷര കാലം വരെയുള്ള പട്ടിക തയ്യാറാക്കുക. **10**

രജിസ്റ്റർ നമ്പർ : ..........................................

പേര് : ..........................................................

മാർച്ച് 2019

SY 113

പാർട്ട് III – ഐച്ഛികം

# കർണ്ണാടക സംഗീതം

## സിദ്ധാന്തം

**പരമാവധി സ്കോർസ് : 50** **സമയം : 2 മണിക്കൂർ**

---

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക : **(10 × 1 = 10)**

(1) 'ഗർഭശ്രീമാൻ' എന്നറിയപ്പെട്ടിരുന്ന വാഗ്ഗേയകാരൻ ?

(2) 22 ശ്രുതികൾ ഒരു സ്ഥായിക്കുള്ളിൽ __________ എന്ന തോതിൽ ഉൾക്കൊണ്ടിരിക്കുന്നു.

(3) ഒരു രാഗത്തിൽ, അന്യസ്വരങ്ങളൊന്നും വന്നിട്ടില്ലെങ്കിൽ അതൊരു _________ രാഗമായിരിക്കും.

(4) സപ്തതാളങ്ങളുടെ ജാതിമാറ്റം കൊണ്ട് ഉണ്ടാകുന്ന താള പദ്ധതി.

(5) സംഗീതക്കച്ചേരികളിൽ ഉപയോഗിക്കുന്ന ശ്രുതി വാദ്യം ?

(6) 63-ാം മേളകർത്താ രാഗമേത് ?

(7) ഹൈമവതി എന്ന മേളത്തിന്റെ ദൂത സംഖ്യയെന്ത് ?

(8) സംഗീത രത്നാകരം എന്ന ലക്ഷണ ഗ്രന്ഥത്തിന്റെ കർത്താവ് ?

(9) _________ സ്വരപ്പട്ടികയനുസരിച്ചാണ് മേള പദ്ധതി ക്രമീകരിച്ചിരിക്കുന്നത്.

(10) മിശ്ര ചാപ്പ് എന്ന താളത്തിന്റെ ജതിയെന്ത് ?

II. ഉത്തരമെഴുതുക : **(5 × 2 = 10)**

(11) ഉപനിഷത് കാലഘട്ടം എന്നാലെന്ത് ?

(12) താളത്തിന്റെ അഞ്ചു ജാതികളേതെല്ലാം ?

(13) സംഗീത ത്രിമൂർത്തികളേയും, ഉപയോഗിച്ചിരുന്ന മുദ്രകളേയും എഴുതുക.

(14) മായാമാളവഗൗള രാഗത്തിലെ ഏതെല്ലാം സ്വരങ്ങളെ ഗ്രഹഭേദം (മൂർഛന/ശ്രുതിഭേദം) ചെയ്യാം ? ലഭിക്കുന്ന രാഗങ്ങളേതെല്ലാം ?

(15) ഘനരാഗങ്ങളേതെല്ലാം ?

III. വിശദമാക്കുക : **(2 × 5 = 10)**

(16) മേള പദ്ധതിക്കനുസരിച്ച് ഭവപ്രിയ എന്ന രാഗത്തിന്റെ ക്രമസംഖ്യ, ദൂതസംഖ്യ, സ്വരസ്ഥാനങ്ങൾ എന്നിവ കണ്ടുപിടിച്ചെഴുതുക.

(17) രാഗലക്ഷണം – മോഹനം.

IV. വിശദീകരിക്കുക : **(2 × 10 = 20)**

(18) ജീവചരിത്രം – ശ്രീ സ്വാതിതിരുനാൾ മഹാരാജാവ്

**അഥവാ**

രാഗത്തിന്റെ അംഗങ്ങൾ

(19) ജീവചരിത്രം – ഇരയിമ്മൻ തമ്പി

**അഥവാ**

നിങ്ങൾ പഠിച്ച ഏതെങ്കിലും ആദിതാള വർണ്ണത്തിന്റെ പൂർവ്വാംഗം സ്വരപ്പെടുത്തിയെഴുതുക.

രജിസ്റ്റർ നമ്പർ : ...........................................

പേര് : ...........................................................

മാർച്ച് 2019

**SY 114**

## പാർട്ട് III – ഐച്ഛികം

# മോഹിനിയാട്ടം

## സിദ്ധാന്തം

**പരമാവധി സ്കോർസ് : 50** **സമയം : 2 മണിക്കൂർ**

---

1. പ്രത്യംഗത്തിലെ 9 എണ്ണം ഏവ ? മറ്റ് രണ്ട് അംഗങ്ങൾ ഏതെല്ലാം ? **5**

2. മോഹിനിയാട്ടക്കച്ചേരിയിലെ 'ജതിസ്വരം' എന്ന ഇനത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം ? **5**

3. കേരളീയ നൃത്ത ഇനങ്ങളിൽ ഒരു ഇനം വിവരിക്കുക. **10**

4. മോഹിനിയാട്ടത്തിലെ വിന്യാസ അഭിനയങ്ങളിലെ ഒരു കഥ വിവരിക്കുക. **10**

5. 'രസം' എന്നാലെന്ത് ? എത്ര വിധം ? ഒന്നാമതായി വരുന്ന രസത്തെപ്പറ്റി വിവരിക്കുക. **10**

6. 'നട്ടുവാംഗം' എന്നാലെന്ത് ? മോഹിനിയാട്ടത്തിൽ നട്ടുവാംഗത്തിനുള്ള സ്ഥാനം എപ്രകാരം. **10**

---

രജിസ്റ്റർ നമ്പർ : ..........................................

പേര് : ..........................................................

മാർച്ച് 2019

SY 115

## പാർട്ട് III – ഉപവിഷയം

# ചുട്ടിയും തേപ്പും

## സിദ്ധാന്തം

**പരമാവധി സ്കോർസ് : 25** **സമയം : 1 മണിക്കൂർ**

---

1. കാട്ടാളന്റെ മുഖത്തേപ്പിന് ഉപയോഗിക്കുന്ന വർണ്ണങ്ങൾ ഏവ ? **(2)**

2. ഹിരണ്യകശിപു ഏത് വിഭാഗത്തിൽപ്പെടുന്ന വേഷമാണ് ? **(2)**

3. കരിവേഷത്തിന് രണ്ട് ഉദാഹരണങ്ങൾ എഴുതുക ? **(2)**

4. മനയോല വെള്ളത്തിൽ അരച്ച് ഉപയോഗിക്കുന്ന വേഷങ്ങൾ ഏവ ? **(2)**

5. രാവണൻ, കുംഭകർണ്ണൻ, വിഭീഷണൻ എന്നിവർക്ക് ഏതേത് വേഷങ്ങളാണ് ? **(3)**

6. സുദർശനം ഏത് വിഭാഗത്തിൽപ്പെടുന്ന വേഷമാണ് ? **(2)**

7. ചുട്ടി അരി തയ്യാറാക്കുന്നതെങ്ങനെ ? **(3)**

8. കഥകളി വേഷങ്ങൾ പ്രധാനമായി എത്രതരം ? അവ ഏവ ? **(3)**

9. ചുവന്ന താടികൾ എല്ലാം ഒരുപോലെയാണോ ? അല്ലെങ്കിൽ വ്യത്യാസം വിശദമാക്കുക. **(3)**

10. വെള്ളത്താടി വേഷത്തിന്റെ മുഖത്തേപ്പിന് ഉപയോഗിക്കുന്ന വർണ്ണങ്ങൾ ഏവ ? **(3)**

---

രജിസ്റ്റർ നമ്പർ : ..........................................

പേര് : ..........................................................

മാർച്ച് 2019

SY 116

## പാർട്ട് III – ഉപവിഷയം

# ഇടയ്ക്ക

## സിദ്ധാന്തം

**പരമാവധി സ്കോർസ് : 25** **സമയം : 1 മണിക്കൂർ**

---

**I. പൂരിപ്പിക്കുക.** **(5 × 1 = 5)**

(1) ശ്രുതിവാദ്യമെന്നുകൂടി പറയുന്ന ഇടയ്ക്ക യഥാർത്ഥത്തിൽ ______ വാദ്യമാണ്.

(2) ഒരു ഇടയ്ക്കയിൽ ആകെ നാലു ________ ഉണ്ട്.

(3) ________ പൊടുപ്പുകളാണ് ഇടയ്ക്കയ്ക്കു വേണ്ടത്.

(4) കുറ്റിയിൽ വട്ടങ്ങളെ ബന്ധിപ്പിയ്ക്കുന്നത് _________ കൊണ്ടാണ്.

(5) ഇടയ്ക്കയിൽ സാധകം ചെയ്യുവാൻ ________ പാഠക്കൈകൾ ഉണ്ട്.

**II. ഒന്നോ രണ്ടോ വാചകത്തിൽ ഉത്തരമെഴുതുക.** **(3 × 4 = 12)**

(1) ഇടയ്ക്കയിലെ ഗണപതിക്കൈ ഏതു താളത്തിലെന്നും വായ്ത്താരി ഏതെന്നും എഴുതുക.

(2) സോപാന സംഗീതത്തിൽ ഏതെല്ലാം വാദ്യങ്ങളുണ്ടെന്നും അവ ഏതുവിധ വാദ്യത്തിൽപ്പെട്ടതാണെന്നും വ്യക്തമാക്കുക.

(3) ‘ഈര’ എന്ന അംഗം ഇടയ്ക്കയിൽ എവിടെയാണ് ഉപയോഗിക്കുന്നത്.

**III. ഉപന്യസിക്കുക.** **(8)**

‘ഇടയ്ക്കയുടെ പ്രയോഗം കഥകളിയിൽ’ – ഈ വിഷയത്തെ ഉപന്യസിക്കുക.

---

രജിസ്റ്റർ നമ്പർ : ..........................................

പേര് : ........................................................

മാർച്ച് 2019

**SY 117**

പാർട്ട് III – ഉപവിഷയം

# പഞ്ചവാദ്യ മദ്ദളം

## സിദ്ധാന്തം

**പരമാവധി സ്കോർസ് : 25** **സമയം : 1 മണിക്കൂർ**

---

1. പഞ്ചവാദ്യത്തിലെ സുഷിര വാദ്യം ? **(1)**

2. മഠത്തിൽ വരവ് പഞ്ചവാദ്യം അരങ്ങേറുന്ന സ്ഥലം ? **(1)**

3. അഞ്ചാം കാലത്തിന് (പഞ്ചവാദ്യം) എത്ര അക്ഷരകാലം ? **(1)**

4. പഞ്ചവാദ്യത്തിൽ ആദ്യം കേൾക്കുന്ന ശബ്ദം ? **(1)**

5. ഇലത്താളം ഏത് വാദ്യ വിഭാഗത്തിൽപ്പെടുന്നു ? **(1)**

6. രണ്ടാം കാലം മുഖം. വായ്ത്താരി എഴുതുക. **(5)**

7. മദ്ദളത്തെപ്പറ്റി ഒരു കുറിപ്പെഴുതുക. **(5)**

8. തിരുവില്ല്വാമല വെങ്കിച്ചൻ സ്വാമി കലാ ലോകത്തിന് നല്കിയ സംഭാവനകളെക്കുറിച്ച് പത്ത് വാക്യത്തിൽ കുറയാതെ ഉപന്യസിക്കുക. **(10)**

---

രജിസ്റ്റർ നമ്പർ : ..........................................

പേര് : ..........................................................

മാർച്ച് 2019

SY 118

## പാർട്ട് III – ഉപവിഷയം

# ചുട്ടി – കോപ്പുപണി

## സിദ്ധാന്തം

പരമാവധി സ്കോർസ് : 25 | സമയം : 1 മണിക്കൂർ

---

1. പട്ടുവാലുകൾ ഏതെല്ലാം നിറത്തിൽ ഉണ്ടാക്കണം ? കൃഷ്ണന്റെ വേഷത്തിന് ഏത് നിറമുള്ള പട്ടുവാല് ഉപയോഗിക്കും ? **(3)**

2. കൃഷ്ണമുടിയുടെ കെട്ടുകച്ചയുടെ നീളം എത്ര ? **(2)**

3. താടികൾക്ക് നൂല് മെടയുന്നതിന്റെ കൂടിയ ഇറക്കവും, കുറഞ്ഞ ഇറക്കവും എഴുതുക. **(2)**

4. നളനും, ബാഹുകനും തമ്മിൽ വേഷ വ്യത്യാസമെന്ത് ? **(3)**

5. അരിച്ചുട്ടിയും, കടലാസു ചുട്ടിയും തമ്മിൽ വ്യത്യാസങ്ങൾ എഴുതുക ? **(3)**

6. കഥകളി വേഷങ്ങളെ ഏതെല്ലാം അടിസ്ഥാനങ്ങളിലാണ് തരം തിരിച്ചിരിക്കുന്നത് ? **(3)**

7. ഉടുത്തുകെട്ടുള്ള സ്ത്രീ കഥാപാത്രങ്ങളേവ ? **(2)**

8. കുറ്റിച്ചാമരത്തിന്റെ കേശഭാരത്തിന്റെ ചുരുങ്ങിയ വ്യാസം എത്ര ? **(3)**

9. കഴുത്താരത്തിന്റെ ഇറക്കം എത്ര ? **(2)**

10. രംഗ കലകളിൽ അലങ്കാരങ്ങൾ ഉണ്ടാക്കുവാൻ ലോഹങ്ങൾ ഉപയോഗിക്കുന്നില്ല. കാരണമെന്ത് ? **(2)**

രജിസ്റ്റർ നമ്പർ : ..........................................

പേര് : ...........................................................

മാർച്ച് 2019

SY 119

## പാർട്ട് III – ഉപവിഷയം

# ചാക്യാർകൂത്ത്

## സിദ്ധാന്തം

**പരമാവധി സ്കോർസ് : 25** **സമയം : 1 മണിക്കൂർ**

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക. **(5 × 1 = 5)**

(1) വാസുകൊണ്ട് ദേവനം ചെയ്യുന്നവനാര് ?

(2) വൃത്രാരിയുടെ പുത്രൻ ആര്?

(3) രാധാസുതൻ ആരാണ് ?

(4) ധാർത്തരാഷ്ട്രൻ ആരാണ് ?

(5) ശാകുന്തളം വിദൂഷകന്റെ പേര്.

II. ചേരുംപടി ചേർക്കുക : **(5 × 1 = 5)**

| | | |
|---|---|---|
| (6) വസന്തകൻ | – | അർജ്ജുനൻ |
| (7) മാണവകൻ | – | കാളിദാസൻ |
| (8) മാണ്ഡവ്യൻ | – | സ്വപ്നവാസവദത്തം |
| (9) വൃത്രാരിസുതൻ | – | വിക്രമോർവശീയം |
| (10) ശാകുന്തളം | – | വിദൂഷകൻ |

III. ശ്ലോകമെഴുതുക. **(3 × 2 = 6)**

(1) നിശേഷശാസ്ത്ര

(2) നിവസത്സു

(3) ഹേസ്വാഗതം

IV. അർത്ഥമെഴുതുക. **(4 × 1 = 4)**

(1) വചിക്കുക

(2) സ്വം

(3) ഹലദൃത്ത്

(4) നൃപൻ

V. എന്താണ് പ്രതിശ്ലോകങ്ങൾ ? ഉദാഹരണം എഴുതുക. **(5)**